# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 458   30/06/2014ൽ മറുപടിക്ക്

## പി.എസ്.സി. പരീക്ഷാ പരിഷ്ക്കരണം

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.യുടെ പരീക്ഷാരീതി പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം പരിഷ്ക്കരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ബി)യും (സി)യും<br>ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം അപേക്ഷ ക്ഷണിക്കപ്പെട്ട തസ്തികകളുടെ തെരഞ്ഞെടുപ്പിലേക്കായി 01.07.2014 മുതൽ നടത്തപ്പെടുന്ന പരീക്ഷകളുടെ കാര്യത്തിൽ പരീക്ഷാർത്ഥികളിൽനിന്നും ഹാൾടിക്കറ്റ് ശേഖരിക്കുന്നതല്ല. എന്നാൽ അവർ പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ, ഹാൾ ടിക്കറ്റ്, തിരിച്ചറിയൽ രേഖയുടെ അസ്സൽ എന്നിവ നിർബന്ധ മായും ഹാജരാക്കിയിരിക്കേണ്ടതാണ്. ഇത് പരീക്ഷാ കേന്ദ്രത്തിലെ വെരിഫിക്കേഷന് വേണ്ടി മാത്രമാകുന്നു. ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അവരെ സംബന്ധിച്ച വിവരങ്ങൾ കമ്മീഷന്റെ ആഫീസിൽ ശേഖരിക്കപ്പെട്ടിരിക്കുകയാൽ, തെരഞ്ഞെടുക്കപ്പെടുന്ന പക്ഷം നിയമനാധികാരിക്ക് നൽകേണ്ടുന്ന വിവരങ്ങൾ തുടർന്ന് നൽകുന്നതുമാണ്. ടി സംവിധാനം വഴി അല്ലാതെ അപേക്ഷ ക്ഷണിക്കപ്പെട്ട തസ്തികകളുടെ പരീക്ഷകൾ സംബന്ധിച്ച് നിലവിലുള്ള സംവിധാനം തുടരുന്നതുമാണ്. |
| (സി) നിലവിലെ പരീക്ഷാരീതികളിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് ഇതുവഴി പരിഹരിക്കപ്പെടുന്നത്; വിശദമാക്കുമോ; | |
| (ഡി) പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) പരീക്ഷാർത്ഥികൾക്ക് അവശ്യം വേണ്ടുന്ന വിവരങ്ങൾ ഹാൾടിക്കറ്റിൽ ഉൾപ്പെടുത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ, അസിസ്റ്റന്റ് സൂപ്രണ്ടുമാർ കമ്മീഷൻ ആഫീസിൽനിന്ന് നിയോഗിക്കപ്പെടുന്ന അഡീഷണൽ ചീഫ് സൂപ്രണ്ടുമാർ എന്നിവർക്ക് ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ/ അറിയിപ്പുകൾ നൽകുന്നതിനുള്ള നടപടികൾ കമ്മീഷൻ കൈക്കൊണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**